നം.സി3-5409/2025/ജി.എച്ച്.റ്റി.

ജനറൽ ആശുപത്രി,
തിരുവനന്തപുരം,
തീയതി:01.04.2025.

## ദർഘാസ് പരസ്യം

തിരുവനന്തപുരം ജനറൽ ആശുപത്രിയിലേക്ക് 01/05/2025 മുതൽ 30/04/2026 വരെ ബ്രെഡ് വിതരണം ചെയ്യുന്നതിനായി മുദ്രവച്ച ടെൻഡറുകൾ ക്ഷണിച്ചുകൊളളുന്നു. ഉദ്ദേശ അടങ്കൽ തുക 4,90,000/- രൂപ ബ്രെഡിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

## ഇന വിവരം

വൈറ്റ് സാന്റ് വിച്ച് ബ്രെഡ് (400 ഗ്രാം പാക്കറ്റ്) ഒരു മാസത്തേക്ക് ശരാശരി 3900 പാക്കറ്റ് വിതരണം ചെയ്യേണ്ടി വരുന്നതും ആഴ്ചയിൽ എല്ലാ ദിവസവും ഇൻഡന്റ് പ്രകാരം രാവിലെ 9.00 നും 10.00 മണിക്കും ഇടയ്ക്ക് വിതരണം ചെയ്യേണ്ടതുമാണ്. ഏതെങ്കിലും ദിവസം വിതരണം ചെയ്യുവാൻ സാധിക്കുകയില്ലെങ്കിൽ (ഉദാ: ഹർത്താൽ) തലേദിവസം തന്നെ പ്രസ്തുത ദിവസം ഉപയോഗിക്കാൻ യോഗ്യമായ ബ്രെഡ് എത്തിച്ചു തരേണ്ടതാണ്. കരിഞ്ഞതോ ഭക്ഷ്യയോഗ്യമല്ലാത്തതോ ആയ വസ്തുക്കൾ ബ്രെഡിൽ പാടില്ല. മാനുഫാക്ചറിംഗ് തീയതിയും എക്സ്പയറി തീയതിയും പാക്കറ്റിൽ രേഖപ്പെടുത്തിയിരിക്കേണ്ടതുമാണ്. വിതരണം ചെയ്യുന്ന ബ്രെഡിന് 3 മുതൽ 4 ദിവസം വരെ ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ യൂസ്ബൈ ഡേറ്റ് ഉണ്ടായിരിക്കണം. ബ്രെഡ് സപ്ലൈ ചെയ്യുന്ന കവറുകളും ട്രേകളും വൃത്തിയുളളതായിരിക്കണം.

ടെൻഡർ ഫോമുകൾ 14.04.2025 വൈകുന്നേരം 5 മണി വരെ പ്രവൃത്തി സമയങ്ങളിൽ ഈ ഓഫീസിൽ നിന്ന് ലഭിക്കുന്നതാണ്. ടെൻഡർ ഫോറത്തിന്റെ വിലയായ 1000/- രൂപയും നിയമാനുസൃതമായ ജി.എസ്.റ്റിയും (18% -180/- രൂപ) ഓഫീസ് ക്യാഷ് കൗണ്ടറിൽ അടച്ച് രസീതിന്റെ അസ്സൽ ഹാജരാക്കേണ്ടതാണ്. 200/-രൂപ (ഇരുന്നൂറ് രൂപ മാത്രം) വിലയുളള മുദ്രപ്പത്രത്തിൽ എഗ്രിമെന്റ്. നിരതദ്രവ്യമായി 5000/- രൂപയുടെ (അയ്യായിരം രൂപ മാത്രം) സൂപ്രണ്ടിന്റെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന വിധം ദേശസാൽകൃത ബാങ്കിൽ നിന്നുളള ഡിമാന്റ് ഡ്രാഫ്റ്റ് എന്നിവ ദർഘാസിനോടൊപ്പം ഹാജരാക്കേണ്ടതാണ്. ദർഘാസ് ഉളളടക്കം ചെയ്ത കവറിനുപുറത്ത് ദർഘാസ് നം.സി3-5409/2025/ജി.എച്ച്.റ്റി.(“വൈറ്റ് സാൻഡ് വിച്ച്-ബ്രെഡ് വിതരണം ചെയ്യുന്നതിനുളള ദർഘാസ് ”)എന്ന് രേഖപ്പെടുത്തിയിരിക്കണം. സമർപ്പിക്കുന്ന ദർഘാസുകൾ ഈ ആശുപത്രിയിൽ നിന്നും വാങ്ങിയിട്ടുളളതും ടി ആശുപത്രിയിലെ മേലധികാരിയുടെ കൈയ്യൊപ്പും ഓഫീസ് മുദ്രയും ഉളളതുമായിരിക്കണം.

പൂരിപ്പിച്ച് ആവശ്യമായ രേഖകൾ ഉള്ളടക്കം ചെയ്ത ദർഘാസുകൾ 15.04.2025 ഉച്ചയ്ക്ക് 12 മണി വരെ ഈ ഓഫീസിൽ സ്വീകരിക്കുന്നതും അന്നുതന്നെ ഉച്ചയ്ക്ക് 12.30 മണിക്ക് ദർഘാസുകൾ സമർപ്പിച്ചിട്ടുള്ള വ്യക്തികളുടെയോ അവർ അധികാരപ്പെടുത്തിയവരുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്. ആവശ്യമായ രേഖകൾ ഹാജരാക്കിയും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയതുമായ ദർഘാസ് അംഗീകരിക്കുന്നതുമാണ്. നിശ്ചിത സമയം കഴിഞ്ഞ് സമർപ്പിക്കുന്ന ടെൻഡറുകൾ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം ആശുപത്രി സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

(ഒപ്പ്/-)
ഡോ.കൃഷ്ണവേണി വി.
സൂപ്രണ്ട്

സ്വീകർത്താവ്:-

നോട്ടീസ് ബോർഡിലേക്ക്, ജനറൽ ആശുപത്രി, തിരുവനന്തപുരം

പകർപ്പ്:-

എ) നോട്ടീസ് ബോർഡിലേക്ക്

1)ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.(വെബ്സൈറ്റിലേക്ക്)

2)ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം), തിരുവനന്തപുരം

3)സൂപ്രണ്ട്, മെഡിക്കൽ കോളേജ് ആശുപത്രി,

4)സൂപ്രണ്ട്, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജി,തിരുവനന്തപുരം

5)സൂപ്രണ്ട്, ഗവ:മോഡൽ ഹോസ്പിറ്റൽ, പേരൂർക്കട

6)സൂപ്രണ്ട്, ഗവ: മാനസികാശുപത്രി, തിരുവനന്തപുരം

8)സൂപ്രണ്ട്, താലൂക്ക് ആശുപത്രി, ഫോർട്ട്

ബി) ഫയൽ/കരുതൽ ഫയൽ

//ഉത്തരവിൻ പ്രകാരം//

ലേ സെക്രട്ടറി & ട്രഷറർ